വയനാട്ടിലെ കർഷകർക്ക് സ്പെഷ്യൽ പാക്കേജ്

136 [2273] പ്രൊഫ. കെ. വി. തോമസ്:
ശ്രീ. വി. ഡി. സതീശൻ:
,, ജോർജ് ജെ. മാത്യു:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ കർഷകർക്ക് സ്പെഷ്യൽ പാക്കേജ് അനുവദിച്ചതിന്റെ ഫലമായി അവിടത്തെ കർഷകർ സഹകരണ ബാങ്കിൽ നിന്നും എടുത്തിട്ടുള്ള വായ്പകളുടെ പലിശ എഴുതിത്തള്ളുന്നതിന് ഗവണ്മെന്റിൽ നിന്നും നൽകുന്ന തുകയെ സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അത് എത്ര തുക വരുമെന്ന് പറയാമോ;

(സി) അതിൽ എന്തു തുക ഇതുവരെ കൊടുത്തു; ബാക്കി തുക എന്നത്തേക്ക് കൊടുക്കാൻ കഴിയുമെന്നു അറിയിക്കാമോ?

ഉത്തരം

(എ) 1-4-2001-നുശേഷം എടുത്തിട്ടുള്ള കാർഷിക വായ്പകളുടെ 31-3-2004 വരെയുള്ള പലിശ തുകയെ സംബന്ധിച്ച് സഹകരണ വകുപ്പ് കണക്കെടുത്തിട്ടുണ്ട്. 1-4-2004 മുതൽ 31-3-2005 വരെയുള്ള പലിശ തുകയെ സംബന്ധിക്കുന്ന കണക്കെടുപ്പ് നടപടി നടന്നുവരികയാണ്.

(ബി) 2001-2002, 2002-2003, 2003-2004 എന്നീ വർഷങ്ങളിലെ പലിശയായി 43,52,70,700 രൂപ (നാല്പത്തിമൂന്നു കോടി അമ്പത്തിരണ്ടു ലക്ഷത്തി എഴുപതിനായിരത്തി എഴുന്നൂറ് രൂപ) നൽകേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(സി) വയനാട്ടിലെ കർഷകർക്ക് കാർഷിക വായ്പകളിൻമേൽ പലിശയിളവ് ആനുകൂല്യമായി 3,36,94,529 (മൂന്നുകോടി മുപ്പത്തിയാറു ലക്ഷത്തി തൊണ്ണൂറിനാലായിരത്തി അഞ്ഞൂറ്റി ഇരുപത്തിയൊൻപത് രൂപ) 19-1-2004-ൽ അനുവദിച്ചു ഉത്തരവായിട്ടുണ്ട്. കൂടാതെ 15,00,40,500 രൂപ (പതിനഞ്ചു കോടി നാല്പതിനായിരത്തി അഞ്ഞൂറ് രൂപ) കൂടി വയനാട് ജില്ലയ്ക്ക് അനുവദിക്കുകയും തുക വിതരണം നടത്തുന്നതിന് വയനാട് ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന് 19-7-2005-ൽ സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുമുണ്ട്. ബാക്കി തുകയ്ക്കുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്.

ബേപ്പൂർ തുറമുഖ വികസനം

137 [2274] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിന്റെ വികസനത്തിന് ഉതകുന്ന ബേപ്പൂർ തുറമുഖ വികസനത്തിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്;

(ബി) ഈ കാര്യത്തിൽ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(സി) ബി. ഒ. ടി. വ്യവസ്ഥയിൽ തുറമുഖ വികസനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വ്യവസ്ഥകൾ എന്തെല്ലാമെന്നാണ്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബേപ്പൂർ തുറമുഖ വികസനത്തിന്റെ ഭാഗമായി രണ്ടാംഘട്ട വികസനത്തിൽ 100 മീറ്റർ വാർഫ്, 60 മീറ്റർ വാർഫ്, 100 മീറ്റർ വാർഫിലേക്കുള്ള ജലവിതരണ പ്രവൃത്തി, വാർഫിനുമുമ്പിലെ മണ്ണു മാറ്റുന്ന പ്രവൃത്തി, ട്രാൻസിറ്റ് ഷെഡ് നിർമ്മാണം, വാർഫിലേക്കുള്ള പ്രവേശന റോഡിന്റെയും പാർക്കിംഗ് ഏരിയായുടേയും നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ബേപ്പൂർ തുറമുഖത്തിന്റെ സമഗ്ര വികസനത്തിന് കോഴിക്കോട്ടെ പാരിസൺസ് ഗ്രൂപ്പ് എന്ന കമ്പനിയുമായി 2004 ജനുവരി 18-ന് ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. തുറമുഖ വികസനത്തിന് പാരിസൺസ് ഗ്രൂപ്പ് തയ്യാറാക്കിയ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചു വരികയാണ്. ലക്ഷദ്വീപിൽനിന്നുള്ള യാത്രക്കാരുടെ സൗകര്യത്തിന് 30 ലക്ഷം രൂപ ചെലവിൽ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ഒരു എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) 60 മീറ്റർ വാർഫിനു മുമ്പിലുള്ള മണ്ണു മാറ്റേണ്ട പ്രവൃത്തി പൂർത്തിയാക്കേണ്ടതുണ്ട്. ഇതിനുള്ള എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലുണ്ട്. നാവിഗേഷണൽ എയ്ഡ്സ് യാർഡ്, ലൈറ്റിംഗ് എന്നിവയ്ക്കുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ബേപ്പൂർ വികസനം സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിലും ഇത് ഏതു വ്യവസ്ഥയിലാണെന്ന് തീരുമാനിച്ചിട്ടില്ല. ഇക്കാര്യം തുറമുഖ വികസന പദ്ധതിയെ സംബന്ധിച്ച് അന്തിമ തീരുമാനമായശേഷം തീരുമാനിക്കുന്നതാണ്. കൺസഷൻ എഗ്രിമെന്റ് സംബന്ധിച്ച കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് ഐ. എൽ. ആൻഡ് എഫ്. എസ്. ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന കൺസൾട്ടൻസി സ്ഥാപനത്തിന്റെ സേവനം ലഭിക്കുന്നുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II. തിരുത്ത്

16-3-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത 2874-ാം നമ്പർ ചോദ്യത്തിന് നൽകിയ തിരുത്തിയ ഉത്തരം

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 11-ാം കേരള നിയമസഭയുടെ 11-ാം 9. 30 A.M.] സമ്മേളനത്തിൽ 16-3-2005-ൽ മറുപടി നൽകിയ നക്ഷത്ര ചിഹ്നമിടാത്ത 2874-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയിൽ പിശക് കടന്നുകൂടിയിരിക്കുന്നു. ആയതിന്റെ തിരുത്തിയ ഉത്തരം മേശപ്പുറത്ത് വയ്ക്കുന്നു. †

† അനുബന്ധം X കാണുക

LIBRARY ARCHIVES Kerala Legislative Assembly